LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2016 മാർച്ച് അവസാനമുള്ള സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ബി) 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും മാർക്കറ്റ് ബോറോയിംഗ്സ്, LIC, GIC, NABARD (NRCLTO), NABARD (RIDF), NSSF കേന്ദ്രസർക്കാർ വായ്പ എന്നീയിനങ്ങളിൽ എടുത്ത കടത്തിന്റെ തിരിച്ചടക്കേണ്ട തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | തിരിച്ചടയ്ക്കേണ്ട മുതൽ | തിരിച്ചടയ്ക്കേണ്ട പലിശ # | ആകെ തുക |
|---|---|---|---|
| 2016-17 | 4340.56 | 8426.96 | 12767.52 |
| 2017-18 | 6119.97 | 8117.22 | 14237.19 |
| 2018-19 | 7439.56 | 7682.53 | 15122.09 |
| 2019-20 | 7331.71 | 7143.41 | 14475.12 |
| 2020-21 | 7292.08 | 6682.13 | 13974.21 |

(# അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാർ വായ്പയുടെ പലിശ തിരിച്ചടവ് നടത്തുന്നത്. ആയതിനാൽ കേന്ദ്ര സർക്കാർ വായ്പയുടെ പലിശ ഇതിൽ ഉൾപ്പെട്ടിട്ടില്ല.)

(സി) ഈ സർക്കാരിന്റെ കാലത്ത് (2011-2015) 31-3-2015 വരെ 56,767 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ കടം 78673.24 കോടി രൂപയായിരുന്നു.

**ഇ-ടാൻസ്ഫർ ഓഫ് മണി വഴി പി.എഫ്. പെൻഷൻ സംബന്ധിച്ച്**

105 (77) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും ബോർഡ്/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃസ്ഥാപനത്തിലേക്ക് അയക്കുന്ന പി.എഫ്.,പെൻഷൻ എന്നിവ

ഇ-ട്രാൻസ്ഫർ ഓഫ് മണി വഴി നടത്തുന്ന കാര്യം പരിഗണിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; അങ്ങനെ ഉറപ്പ് നൽകിയിട്ടും ഇപ്പോഴും ഉയർന്ന ചാർജ്ജ് നൽകി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന പണമിടപാട് നടത്തുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) താഴ്ന്ന വരുമാനക്കാരിൽ നിന്നും ഉയർന്ന നിരക്കിലെ ഡിമാന്റ് ഡ്രാഫ്റ്റ് ഈടാക്കി പണമയയ്ക്കുന്നതിലെ നീതിരാഹിത്യം ബോധ്യമായിട്ടുണ്ടോ ;

(സി) ഉറപ്പ് നൽകിയ പ്രകാരമുള്ള നടപടി എന്നുണ്ടാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ നടപ്പിലാക്കി വരുന്ന Integrated Financial Management System എന്ന പദ്ധതിയിൽ ഈ വിഷയവും പരിശോധിച്ച് വരുന്നു.

(ബി) ബോധ്യമായിട്ടുണ്ട്.

(സി) പരിശോധനയിലാണ്.

**കെ.എസ്. എഫ്.ഇ.-യെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതി**

106 (78) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ യെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ യുടെ നിക്ഷേപം ഇത് മൂലം എത്ര കണ്ട് വർദ്ധിക്കുകയുണ്ടായി;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly